ഈ സബ്മിഷൻ. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽനിന്ന് വരുന്ന 12-ഓളം കെ.എസ്.ആർ.ടി.സി. ബസ്സുകൾ സ്റ്റേ ചെയ്യുന്നത് മുള്ളൻകൊല്ലി-പെരിക്കെല്ലൂർ പ്രദേശത്തെ പള്ളിയുടെ ഗ്രൗണ്ടിലാണ്. അവിടെയൊരു സബ് ഡിപ്പോ വേണമെന്ന് കാലാകാലമായി പഞ്ചായത്തും ജനങ്ങളും ആവശ്യപ്പെടുകയാണ്. കെ.എസ്.ആർ.ടി.സി.ക്കുവേണ്ടി ലക്ഷക്കണക്കിന് വിലവരുന്ന ഒരേക്കർ ഭൂമി അവിടത്തെ ക്രിസ്ത്യൻ പള്ളി കമ്മിറ്റി സൗജന്യമായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ ജില്ലയിലെ വിവിധ മേഖലകളിൽനിന്നും കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന ബൈരകുപ്പയിലേക്ക് ജനങ്ങൾ സഞ്ചരിക്കുന്ന മേഖല കൂടിയാണിത്. അവിടെയൊരു സബ് ഡിപ്പോ സ്ഥാപിച്ചുകഴിഞ്ഞാൽ കെ.എസ്. ആർ.ടി.സി.ക്കും അതോടൊപ്പം ബന്ധപ്പെട്ട വകുപ്പിനും ഒട്ടനവധി നേട്ടങ്ങൾ ഉണ്ടാവുകയും അത് ജനങ്ങൾക്ക് ഉപകാരപ്രദമാവുകയും ചെയ്യും. അതുകൊണ്ട് ഈ പ്രദേശത്ത് ഒരു സബ് ഡിപ്പോ അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞ പ്രൊപ്പോസലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പള്ളിക്കമ്മിറ്റി തരാമെന്നുപറഞ്ഞ ഒരേക്കർ ഭൂമി കെ.എസ്.ആർ.ടി.സി.യുടെ കയ്യിൽ ലഭിച്ചുകഴിഞ്ഞാൽ ഭൂമിയുടെ കിടപ്പും ലാന്റ്സ്കേപ്പും വച്ചുകൊണ്ട് ഒരു പ്ലാൻ തയ്യാറാക്കുന്നതാണ്. അതനുസരിച്ച് ആവശ്യമായ മേൽനടപടി ആ സന്ദർഭത്തിൽ എടുക്കുന്നതാണ്.

### 14 തൊഴിലുറപ്പ് പദ്ധതിയിൽ കാർഷികമേഖലയെ ഉൾപ്പെടുത്തൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 28 ലക്ഷം കുടുംബങ്ങളാണ് തൊഴിലിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷം 15 ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്ക് ഒരു ദിവസം മുതൽ 50 ദിവസം വരെ നാമമാത്രമായ തൊഴിലാണ് നൽകിയത്. നാലുലക്ഷത്തിൽപ്പരം കുടുംബങ്ങൾക്കാണ് 100 ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞത്. ശരാശരി 38 തൊഴിൽ ദിനങ്ങൾ മാത്രമേ കേരളത്തിൽ ലഭിച്ചിട്ടുള്ളൂ. കഴിഞ്ഞവർഷം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവരുടെ 400 കോടിയിൽപ്പരം രൂപയുടെ വേതന കുടിശ്ശിക സംസ്ഥാനത്തുണ്ടെന്നുള്ള റിപ്പോർട്ട് അതീവ ഗൗരവതരമാണ്. ഈ മേഖലയിൽ കൂടുതൽ തൊഴിൽദിനം വേണമെന്നുള്ളതാണ് തൊഴിലുറപ്പ് പദ്ധതിയിലുള്ള ലക്ഷക്കണക്കിന് സ്ത്രീതൊഴിലാളികൾ ആഗ്രഹിക്കുന്നത്. ഇത് ഇന്നത്തെ നോംസ് അനുസരിച്ച് ചെയ്യാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. അങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ കാർഷിക മേഖലയെയും പരമ്പരാഗത മേഖലയേയും മൃഗപരിപാലന മേഖലയേയും ഇതിലുൾപ്പെടുത്തിയാൽ മാത്രമേ സാധിക്കൂ. ഇങ്ങനെയുള്ള മേഖലകളെ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ടവർക്ക് 100 ദിവസമെങ്കിലും തൊഴിൽ കൊടുക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് 25,000 കോടി രൂപ കാർഷിക മേഖലയ്ക്കുവേണ്ടി ചെലവഴിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ച സാഹചര്യത്തിൽ തൊഴിലുറപ്പ് നിയമത്തിൽ ഭേദഗതി വരുത്തി പല കാര്യങ്ങൾ ചെയ്യുമെന്നുള്ള പ്രഖ്യാപനവും പുറത്തുവന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ച ഘട്ടത്തിൽ, കാർഷിക മേഖലയേയും പരമ്പരാഗത മൃഗപരിപാലന മേഖലകളേയും ഈ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേരളം ഒറ്റക്കെട്ടായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. അങ്ങനെ കേന്ദ്രത്തിന്റെ പരിഗണനയിൽപ്പെടുത്തി ചെയ്താൽ മാത്രമേ കൂടുതൽ ദിവസം തൊഴിൽ കൊടുക്കാൻ കഴിയുകയുള്ളൂ. അതിനുള്ള അടിയന്തര നടപടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഉന്നയിച്ച ആവശ്യങ്ങളോട് ഗവൺമെന്റിന് പൂർണ്ണമായും യോജിപ്പാണ്. അദ്ദേഹം പറഞ്ഞ ഒന്നുരണ്ട് കാര്യങ്ങൾ വസ്തുതാപരമല്ല. കാരണം, കഴിഞ്ഞ മാർച്ച് 31-ന് മുമ്പാണ് കുടിശ്ശിക ഉണ്ടായിരുന്നത്. ആ കുടിശ്ശിക മുഴുവൻ കൊടുത്തുകഴിഞ്ഞു. മാത്രമല്ല ഇപ്പോഴത്തെ ശമ്പള കുടിശ്ശികയും ഒരാഴ്ചകൊണ്ട് കൊടുത്തുതീർക്കും. തൊഴിലുറപ്പ് പദ്ധതിയിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. കഴിഞ്ഞ കൊല്ലത്തെ ചെലവ് 1,700 കോടി രൂപയാണ്. 2010-11-ൽ 710 കോടി രൂപയിൽ നിന്ന് 2013-14-ൽ 1700 കോടി രൂപ ചെലവഴിക്കാൻ സാധിച്ചു. അങ്ങ് പറഞ്ഞതുപോലെ പ്രധാനപ്പെട്ട പ്രശ്നം, ഉത്പാദന മേഖലയിൽ ചെലവഴിക്കാൻ സാധിക്കുന്നില്ലെന്നതാണ്. കാർഷികവൃത്തി, കന്നുകാലി വളർത്തൽ, കയർമേഖല, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഈ ഗവൺമെന്റ് ചുമതലയേറ്റ ആദ്യദിവസം മുതൽ ഉന്നയിക്കുന്നതാണ്. ഇന്നുവരെ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. അതിനുവേണ്ടി പ്ലാനിംഗ് കമ്മീഷൻ ചതുർവേദി കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റി പഠനം നടത്തി, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെയുള്ള യാർഡ്സ്റ്റിക്ക് പാടില്ല, ഓരോ സംസ്ഥാനങ്ങളിലും വ്യത്യസ്തമായ സാഹചര്യങ്ങളാണ്, ആ സാഹചര്യങ്ങളനുസരിച്ച് എം.ജി.എൻ.ആർ.ഇ.ജി. പദ്ധതിയുടെ ഗൈഡ്ലൈൻസിൽ മാറ്റം വരുത്താനുള്ള അവസരം സംസ്ഥാനത്തിന് കൊടുക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തെങ്കിലും അക്കാര്യത്തിൽ തീരുമാനം ഉണ്ടായിട്ടില്ല. ഇപ്പോഴത്തെ കേന്ദ്ര മന്ത്രിസഭയിൽ ഗോപിനാഥ് മുണ്ടെ ചുമതലയേറ്റതിനുശേഷം തൊഴിലുറപ്പ് പദ്ധതിയുടെ 60 ശതമാനം കൃഷിക്കും ഇറിഗേഷനുമായി മാറ്റിവെയ്ക്കുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നു. അതിനാവശ്യമായ മാറ്റം വരുത്താൻവേണ്ടി സെൻട്രൽ പ്രോഗ്രാം കമ്മിറ്റി യോഗം വിളിക്കാൻ തീരുമാനിച്ചു. യോഗത്തിന്റെ തലേദിവസം അദ്ദേഹം മരണമടഞ്ഞു. ഇപ്പോൾ ശ്രീ. നിതിൻ ഗഡ്കരിയാണ് പുതിയ മന്ത്രി. അദ്ദേഹം ഇതുവരെ യോഗം വിളിച്ചിട്ടില്ല. ഏതായാലും വളരെ സ്വാഗതാർഹമായ കാര്യമാണിത്. കന്നുകാലി വളർത്തൽ, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് കേരളത്തിന്റെ ആവശ്യം. അതുപോലെ ചെറുകിട നാമമാത്ര കൃഷികാർക്ക് അവരുടെ ഭൂമിയിൽ പണിയെടുക്കാനുള്ള അവസരം ഉണ്ടാകുകയും വേണം.

Page 3 of 3

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാ സമ്മേളനം കഴിഞ്ഞതിനുശേഷം കേരളത്തിലെ മന്ത്രിമാരുടെ സംഘം ഡൽഹിക്ക് പോകുമ്പോൾ ഇക്കാര്യം ആവർത്തിച്ച് ആവശ്യപ്പെടുന്നതാണ്. ഇത് നടപ്പിലായിക്കിട്ടിയാൽ കേരളത്തിൽ വലിയ മാറ്റമുണ്ടാകും. പാലുൽപ്പാദനം വർദ്ധിപ്പിക്കാനും തീരദേശ മേഖലയിൽ തൊണ്ടുസംഭരണം ഫലപ്രദമാക്കുന്നതിനും ഇതുമൂലം സാധിക്കും. ഇന്ന് നമുക്കാവശ്യമായ തൊണ്ട് ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും സംഭരിക്കുന്നില്ല. ഇതിനെല്ലാം വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. ഏതായാലും അങ്ങയുടെ നിർദ്ദേശം ഗൗരവമായി കണക്കിലെടുക്കുന്നു. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 15 ഇറാഖിലകപ്പെട്ട നഴ്സുമാർ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഇറാഖിലെ ഹബീബ എന്നു പറയുന്ന നഗരത്തിൽ തൃശ്ശൂർ, വടക്കാഞ്ചേരി, മച്ചാട് സ്വദേശി ദിവ്യ.കെ.ആർ. ഉൾപ്പെടെ അഞ്ച് മലയാളി നഴ്സുമാർ കുടുങ്ങിക്കിടക്കുകയാണ്. തിക്രിത്-ലെ 46 മലയാളി നഴ്സുമാരെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ മറുപടി പറഞ്ഞു. പക്ഷേ അവരെ നാട്ടിലെത്തിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ഇനിയും ഉണ്ടായിട്ടില്ല എന്നതാണ് സത്യം. ബാഗ്ദാദിലെ ഹീറ എന്ന ഖുർദിഷ് കമ്പനിയിൽ 19 മലയാളികൾ ഉൾപ്പെടെ 47 ഇന്ത്യക്കാരുണ്ട്. ഇവരെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികളുണ്ടാകുന്നില്ല. ഫലപ്രദമായ ഒരു സെൻട്രൽ മിഷൻ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. ആഭ്യന്തര കലാപം രൂക്ഷമാകുന്നതിനുമുമ്പ് മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകാത്തതാണ് ഈ പ്രശ്നങ്ങളുടെ കാരണം. ഇവിടെ പ്രശ്നം രൂക്ഷമായിട്ടും നമുക്ക് ഇക്കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നടപടികൾ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ഒരു ക്രൈസിസ് മാനേജ്മെന്റ് ദേശീയതലത്തിലുണ്ടായിട്ടുണ്ടോ ; നമ്മുടെ സർക്കാർ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി എടുക്കുന്നുണ്ടോ ; മലയാളി നഴ്സുമാരെയും മലയാളി പ്രവാസികളെയും നാട്ടിൽ എത്തിക്കുന്നതിനുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, അങ്ങയുടെ ഈ കുറ്റപ്പെടുത്തൽ വസ്തുതാപരമല്ല. കാരണം സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾ അങ്ങും സഭയും മനസ്സിലാക്കണം. ഇറാഖിലെ ഈ പുതിയ സംഭവവികാസങ്ങൾ ഉണ്ടാകുന്നതിനുമുമ്പ് ഒഴിപ്പിക്കാമായിരുന്നില്ലേ എന്നുചോദിച്ചാൽ ഉത്തരം പറയാൻ എനിക്ക് പ്രയാസമാണ്. സംഭവം ഉണ്ടായശേഷം ഇതിന്റെ എല്ലാ ഗൗരവവും ഉൾക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇറാഖിലെ നഴ്സുമാരുടെ പ്രതിനിധികളുമായും ഇറാഖിലെ അംബാസിഡർ, മലയാളിയാണ്-കണ്ണൂർകാരനായ ശ്രീ. അജയകുമാറുമായും ദിവസേന ഞങ്ങൾ സംസാരിക്കുന്നുണ്ട്. അവരെല്ലാം വളരെ താല്പര്യം കാണിക്കുന്നുണ്ട്. നോർക്കയുടെ ഹെൽപ് ഡെസ്കിൽ ഇപ്പോൾ ഏതാണ്ട് 204 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പലരേയും ബന്ധപ്പെടുമ്പോൾ അവരിൽ പലർക്കും മടങ്ങിവരാൻ താൽപ്പര്യമില്ല, കാരണം പലർക്കും ശമ്പളക്കുടിശ്ശിക ലഭിക്കാനുണ്ട്. പലരും